# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ആഗസ്റ്റ് 02, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ഇ-വേബിൽ പരിശോധന കാര്യക്ഷമമാക്കും: തോമസ് ഐസക്ക്

തിരുവനന്തപുരം:കേരളത്തിലേയ്ക്ക് കടന്ന് വരുന്ന അന്തർ സസ്ഥാന ചരക്ക് വാഹനങ്ങളിലെ ഇ-വേബിൽ പരിശോധന കാര്യക്ഷമമാക്കുമെന്ന് സസ്ഥാന ധനകാര്യ-കയർ വികസന വകുപ്പ് മന്ത്രി ഡോ. ടി.എം തോമസ് ഐസക്ക് പറഞ്ഞു. സംസ്ഥാനത്തിനുള്ളിലേയ്ക്ക് ചരക്ക് നീക്കം നടത്തുന്ന വാഹനങ്ങളുടെ ഇ-വേബിൽ പരിശോധന കാര്യക്ഷമമാക്കാൻ രൂപീകരിച്ച വാഹന പരിശോധനാ സ്ക്വോഡ് അംഗങ്ങൾക്ക് മാർ ഇവാനിയോസ് ഗിരിദീപം കൺ വെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളം ഒരു ഉപഭോക്തൃ സസ്ഥാനമായതിനൽ കേരളത്തിന്റെ എസ്.ജി.എസ്.ടി വിഹിതത്തിന്റെ ഇരട്ടിയോളം വരേണ്ടതണ് ഐ.ജി.എസ്.ടി വിഹിതം എന്നാൽ ഇ-വേബിൽ നിലവിൽ വന്നതിനു ശേഷവും ഇതിൽ കാര്യമായ വർദ്ധനവ് വരുന്നില്ല, ഈ സാഹചര്യത്തിലാണ് കൂടുതൽ സ്ക്വോഡുകൾ രൂപീകരിച്ച് പരിശോധന കാര്യക്ഷമമാക്കാൻ തീരുമാനിച്ചത്. ഡിസംബർ മാസത്തോടെ സംസ്ഥാനത്തിന്റെ നികുതി വളർച്ച 20 ശതമാനത്തിൽ എത്തിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

സസ്ഥാനത്ത് നിലവിൽ 90 ചരക്ക് വാഹന പരിശോധനാ സ്ക്വോഡുകളാണ് ഉണ്ടായിരുന്നത്, ഇതാണ് 190 ആയി വർദ്ധിപ്പിക്കുന്നത്. സസ്ഥാന അതിർത്തികളിലെ

നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ പൂർണ്ണ സമയവും സ്‌ക്വോഡുകളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനൊപ്പം മൊബൈൽ സ്‌ക്വോഡുകളും പ്രവർത്തിക്കും. വ്യാപാരികൾക്കും, വാഹന ഉടമകൾക്കും അസൗകര്യം ഉണ്ടാകാത്ത തരത്തിലാകും സ്‌ക്വോഡിന്റെ പ്രവർത്തനം.

ജില്ല തിരിച്ചുള്ള അതിർത്തി സ്‌ക്വോഡുകൾ, മൊബൈൽ സ്‌ക്വോഡുകൾ എന്നിവയുടെ എണ്ണം ചുവടെ:തിരുവനന്തപുരം–27, 3 ; കൊല്ലം–12, 2 ; പത്തനംതിട്ട–0,2 ; ആലപ്പുഴ–0,3 ; കോട്ടയം–0,5 ; ഇടുക്കി–18,1 ; എർണാകുളം–0,14 ; ത്രിശ്ശൂർ–3,3 ; പാലക്കാട്–33,3 ; മലപ്പുറം–3,4; കോഴിക്കോട്–3,4; കണ്ണൂർ–9,2; വയനാട്–15,2; കാസർഗോഡ്–15,3

<u>**ചിത്രത്തിന്റെ അടിക്കുറിപ്പ്**</u>

ഇ–വേബിൽ പരിശോധന കാര്യക്ഷമമാക്കാൻ രൂപീകരിച്ച വാഹന പരിശോധനാ സ്‌ക്വോഡ് അംഗങ്ങൾക്കുള്ള ഏകദിന പരിശീലന പരിപടി മാർ ഇവാനിയോസ് ഗിരിദീപം കൺവെൻഷൻ സെന്ററിൽ സസ്ഥാന ധനകാര്യ–കയർ വികസന വകുപ്പ് മന്ത്രി ഡോ. ടി.എം തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്യുന്നു.